(സി) ഇതുമൂലം കർഷക തൊഴിലാളികൾക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാം ആണ്; കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ഇപ്പോൾ സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ഡി) കൃഷി നാശം സംഭവിക്കുന്ന കർഷകൾക്ക് ഇപ്പോൾ സർക്കാരിൽ നിന്നു എന്തെല്ലാം സഹായങ്ങളാണ് നൽകിവരുതത്;

(ഇ) ബോർഡ് രൂപീകൃതമായാൽ കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ അധികമായി ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽ ബോർഡ് രൂപീകരണം സംബന്ധിച്ച് കരട് ബിൽ നിയമ സഭയിലവതരിപ്പിക്കാൻ തയ്യാറായിവരുന്നു. നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഏജൻസിയുടെ പരിധിയിൽപ്പെടാത്ത സ്ഥലങ്ങളിൽ നെൽകൃഷി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, നെൽകൃഷി മേഖലയിൽ സർക്കാരിന്റെ ഉപദേശക സമിതിയായി പ്രവർത്തിക്കുക തുടങ്ങിയവയാണ് മുഖ്യലക്ഷ്യങ്ങൾ.

(സി) നെൽകർഷകർക്ക് നെൽകൃഷി ചെയ്യുന്നതിനുള്ള അവസരങ്ങൾ യഥാസമയം ഉണ്ടാകുന്നതോടെ നെൽകൃഷി ലാഭകരമാകും. ഇതിന്റെ ഫലം ആനുപാതികമായി കർഷകത്തൊഴിലാളികൾക്കും ലഭിക്കും.

(ഡി) വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിളനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്ന പദ്ധതിപ്രകാരം കൃഷിനാശം സംഭവിച്ചവർക്ക് അടുത്ത വിളയ്ക്കുള്ള വിത്ത് സൗജന്യമായി ലഭിക്കും. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് 65 ശതമാനം നിരക്കിൽ സാമ്പത്തിക സഹായവും ലഭിക്കുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം റവന്യൂ വകുപ്പിൽനിന്നും കർഷകർക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

(ഇ) നെൽകൃഷിക്കാവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുകയാണ് ഉദ്ദേശം.

സർക്കാർ ഫാമുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള നിയമസഭാ സമിതിയുടെ റിപ്പോർട്ട്

118 (1943)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഫാമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ചുള്ള നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) ഈ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിപ്പോർട്ട് പരിശോധിച്ചിട്ടില്ലെങ്കിൽ എന്നേയ്ക്ക് പരിശോധിക്കുമെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ സർക്കാർ ഫാമുകൾ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര നഷ്ടം വരുത്തി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 3.2.2000-ത്തിൽ ആണ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചത്.

(ബി)-(ഡി)റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം തയ്യാറാകൂ എങ്കിലും വലിയ സാമ്പത്തിക ബാദ്ധ്യതയില്ലാത്തതും കൃഷി ഡയറക്ടറേറ്റ് തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതുമായ ശുപാർശകൾ നടപ്പിലാക്കി വരുന്നു.

(ഇ) 8.43 കോടിയിലധികം രൂപയുടെ നഷ്ടം വരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ നെൽവിത്തു വിതരണം

119(1945) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ മുഖേന അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ വയനാട് ജില്ലയിൽ ഏത് മാസത്തിലാണ് വിതരണം ചെയ്യാറുള്ളത്;

(ബി) കൃഷിയിറക്കുന്ന സമയം കഴിഞ്ഞതിനുശേഷമാണ് വയനാട് ജില്ലയിൽ നെൽവിത്തുകൾ വിതരണം ചെയ്യുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏപ്രിൽ, മെയ് മാസങ്ങളിൽ മേന്മയുള്ള നെൽ വിത്തുകൾ വിതരണം ചെയ്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും എന്ന കർഷകരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏപ്രിൽ മെയ് മാസങ്ങളിലെ ഗുണമേന്മയുള്ള നെൽവിത്തുകൾ വയനാട് ജില്ലയിൽ വിതരണം ചെയ്യുന്നതിന് നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂൺ-ജൂലൈ മാസങ്ങളിലും രണ്ടാം വിള പുഞ്ച കൃഷിക്ക് ഡിസംബർ-ജനുവരി മാസങ്ങളിലുമാണ് നെൽവിത്ത് വിതരണം ചെയ്യാറുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) 2000-2001-ൽ മാത്രം വിളയ്ക്ക് ഏപ്രിൽ മെയ് മാസങ്ങളിൽ ഗുണമേന്മയുള്ള വിത്ത് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly